# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2518 — 19.12.2012-ൽ മറുപടിക്ക്

### ജീവിത ശൈലി രോഗങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാലോട് രവി :<br>,, ഐ. സി. ബാലകൃഷ്ണൻ :<br>,, വി. പി. സജീന്ദ്രൻ :<br>,, തേറമ്പിൽ രാമകൃഷ്ണൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി നവംബർ 1-ാം തീയതി മുതൽ സംസ്ഥാനത്ത് ഒട്ടാകെ തുടക്കം കുറിച്ചു. |
| (ബി) എങ്കിൽ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങൾ വഴിയാണ് ഇത്തരം മരുന്നുകൾ നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംസ്ഥാനത്ത് എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. 12–ഇനം മരുന്നുകളാണ് ഈ വിധം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിച്ച് വിതരണം ചെയ്തിട്ടുള്ളത്. |
| (സി) ഏതെല്ലാം രോഗങ്ങൾക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത് ; | (സി) | പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം എന്നീ രോഗങ്ങൾക്കാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. ഇതിൽ പ്രമേഹത്തിന് എതിരായുള്ള ഇൻസുലിൻ കുത്തിവയ്പും ഉൾപ്പെടുന്നു. |
| (ഡി) ഏതെല്ലാം വിഭാഗക്കാർക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത് ? | (ഡി) | സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും ജീവിത ശൈലീ ക്ലിനിക്കുകളിലും, ക്യാമ്പുകളിലും പങ്കെടുക്കുവാനും സൗജന്യ മരുന്ന് ലഭ്യമാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിൽ സാമ്പത്തികമോ മറ്റേതെങ്കിലും തരത്തിലുള്ള വേർതിരിവോ ഇല്ല. |

സെക്ഷൻ ഓഫീസർ